ജില്ലാ മെഡിക്കൽ ആഫീസ് (ആരോഗ്യം) എറണാകുളം
പാർക്ക് അവന്യൂ, എറണാകുളം - 682011
☎ 0484-2360802 ✉ dmohekmoffice@gmail.com | www.dmohekm.in


**'ഭരണഭാഷ - മാതൃഭാഷ'**

**നം.സി1-22222/18** തീയതി : **05.12.2019**

# പരിപത്രം

വിഷയം :- ആരോഗ്യ വകുപ്പ് - എറണാകുളം ജില്ല - ഇ-ഹെൽത്ത് വേർഷൻ അപ്ഗ്രഡേഷൻ - സംബന്ധിച്ച്.

സൂചന :- ഇ-ഹെൽത്ത് നോഡൽ ആഫീസറുടെ 05.12.2019 ലെ സമർപ്പണം

*********

ഇ-ഹെൽത്ത് പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി പുതിയ ഇ-ഹെൽത്ത് വേർഷൻ 1.8.3 റിലീസ് ചെയ്തിട്ടുള്ളതും, എല്ലാ പൊതുജനാരോഗ്യ വിഭാഗം ജീവനക്കാരുടെയും ടാബുകൾ പുതിയ വേർഷനിലേയ്ക്ക് അപ്ഗ്രേഡ് ചെയ്യേണ്ടതുമാകുന്നു. ആയതിനാൽ ഈ ജില്ലയിലെ എല്ലാ സ്ഥാപനങ്ങളിലെയും പി.എച്ച് അഡ്മിൻമാർ ബന്ധപ്പെട്ട ജീവനക്കാരുടെ ടാബുകൾ ഉടൻ പുതിയ വേർഷനിലേയ്ക്ക് അപ്ഗ്രേഡ് ചെയ്ത് നൽകേണ്ടതും, ഇങ്ങനെ ടാബുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ടെന്ന് ബന്ധപ്പെട്ട സ്ഥാപന മെഡിക്കൽ ആഫീസർ / സൂപ്രണ്ടുമാർ ഉറപ്പ് വരുത്തേണ്ടതുമാകുന്നു.

അപ്ഗ്രേഡേഷൻ സാങ്കേതികമായി പൂർത്തികരിക്കാൻ സാധിച്ചില്ലായെങ്കിൽ ആ ടാബിന്റെ വിശദാംശങ്ങൾ സഹിതം മാസ്റ്റർ ട്രെയിനർമാർ വഴി ഡിസ്ട്രിക്ട് അഡ്മിനെ അറിയിക്കേണ്ടതാണ്. ഇങ്ങനെ അപ്ഗ്രേഡ് ചെയ്തതിന് ശേഷം ഇ-ഹെൽത്ത് ഹൗസ് സർവ്വേ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.

**ജില്ലാ മെഡിക്കൽ ആഫീസർ(ആരോഗ്യം)**
**എറണാകുളം**

എല്ലാ കീഴ് സ്ഥാപന മേധാവികൾക്കും

പകർപ്പ് - ഫയൽ / കരുതൽ ഫയൽ